ശ്രീ. എൻ. കുഞ്ഞുരാമൻ: പൂർത്തിയായിട്ടില്ല. ഇപ്പോഴും നടപടികൾ നടന്നുകൊണ്ടിരിക്കയാണു്.

സാഹിബ്ബ് ബഹദൂർ കെ. എ. മുഹമ്മദ്: ഈ കമ്പനി ഗവൺമെണ്ടിൽ നിന്നും വിലയ്ക്കെടുക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ട് ഒരു വർഷത്തിൽ കൂടുതലായി എന്നറിയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ആയോ എന്നു് സൂക്ഷ്മമായി പറയാൻ നിവർത്തിയില്ല. ഇതിന്റെ ചാർജ്ജുവഹിക്കുന്നതു ചീഫ് മിനിസ്റ്ററാണു്. വിശദവിവരങ്ങൾ പറയണമെങ്കിൽ നോട്ടീസ് കൂടാതെ സാദ്ധ്യമല്ല.

സാഹിബ്ബ് ബഹദൂർ കെ. എ. മുഹമ്മദ്: എത്രകാലത്തിനകം ഗവൺമെണ്ടു വിലയ്ക്കെടുക്കും എന്നു പറയുമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: കഴിയുന്നതും വേഗത്തിൽ ചെയ്യുന്നതാണു്.

സാഹിബ്ബ് ബഹദൂർ കെ. എ. മുഹമ്മദ്: കഴിയുന്നതും വേഗത്തിൽ എന്നു പറഞ്ഞാൽ അതെത്രകാലത്തെയാണു് കുറിക്കുന്നതെന്നു് പറയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതിപ്പോൾ നിശ്ചയമില്ല.

ശ്രീ. വി. ഗംഗാധരൻനായർ: അസോസിയേറ്റഡ് മിനറൽസ് കമ്പനി എത്രകാലമായി പ്രവർത്തനരഹിതമായി കിടക്കുന്നു എന്നു പറയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഏതാണ്ടു മാസങ്ങളായി പ്രവർത്തനരഹിതമായി കിടക്കുകയാണെന്നറിയാം.

ശ്രീ. വി. ഗംഗാധരൻനായർ: ഏതാണ്ടു മാസങ്ങളായിട്ടല്ല, ഏതാണ്ടു വർഷങ്ങളായിട്ടുതന്നെ ഈ കമ്പനി പ്രവർത്തനരഹിതമായി കിടക്കുകയാണെന്നറിയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതു നിശ്ചയമില്ല.

കിണറ്റിൽനിന്നും വെള്ളം പമ്പുചെയ്യേണ്ടതിന്റെ ആവശ്യകത

* ൪൯൩. (൩) ശ്രീ. മങ്കുഴി എം. മാധവൻ: താഴെ കാണുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സഭയിൽ മറുപടി പറയുമോ.—

ചിറയിൻകീഴ് താലൂക്കിൽ ഇടവാപകുതിയിൽ വെങ്കുളം ഏലായുടെ ആവശ്യത്തിനായി ഗവൺമെണ്ടിൽനിന്നും വളരെ പണം ചെലവു ചെയ്തു കഴിപ്പിച്ചു് കോൺക്രീറു ചെയ്യിച്ചു സംരക്ഷിച്ചുപോരുന്ന കിണറ്റിൽനിന്നും കൃഷിയാവശ്യത്തിനു വെള്ളം പമ്പു ചെയ്തു കൊടുക്കുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ടോ?

മരാമത്തും ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്): ഇല്ല.

ശ്രീ. മങ്കുഴി എം. മാധവൻ: അടുത്ത കൃഷിക്കെങ്കിലും അതിനുവേണ്ട ഏർപ്പാടു ചെയ്തുകൊടുക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ഇപ്പോൾ അതിനപ്പുറത്തു് ഇൻവെസ്റ്റിഗേറ്റു ചെയ്തുകൊണ്ടിരിക്കയാണു്. കിണറ്റിൽ വെള്ളമുണ്ടെങ്കിലും അതു ധാരാളമായിട്ടു് എല്ലാകാലത്തും കാണുന്നില്ല. വല്ലപ്പോഴും മാത്രമേ അതിൽ വെള്ളം കിട്ടുന്നുള്ളൂ. ഒരു ഫ൦ കുതിരശക്തിയുള്ള ഇഞ്ചിൻസ്ഥാപിച്ചു് ലിഫ്റ്റു ഇറിഗേഷൻ വിജയപൂർവ്വം നടത്താൻ സാദ്ധ്യമാണോ എന്നു പരിശോധിച്ചു നോക്കുന്നതിനു് ഗവൺമെൻറ് ഇപ്പോൾ ശ്രമിച്ചുകൊണ്ടിരിക്കയാണു്.

LIBRARY ARCHIVES Kerala Legislative Assembly